പിണറായി, തോലംപ, പഴശ്ശി 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം

88 (928) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പിണറായി, തോലംപ, പഴശ്ശി 33 കെ.വി. സബ്സ്റ്റേഷനുകളുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പിണറായി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ബോർഡിന് കൈമാറിയിട്ടുണ്ട്. പണി തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തോലംപ 33 കെ.വി സബ്സ്റ്റേഷന്റെയും പഴശ്ശി 33 കെ. വി. സബ്സ്റ്റേഷന്റെയും പണിക്ക് ലാർസൽ ആന്റ് ട്രൂഡ്രോക്ക് ഉത്തരവ് കൊടുത്തു കഴിഞ്ഞു. സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം എടുക്കുന്നതിനായി ഉടമകൾ സമ്മതിച്ചിട്ടുണ്ട്. അതിനുള്ള ഉത്തരവ് കളക്ടറുടെ പക്കൽ നിന്നും ലഭിച്ചാലുടൻ ബാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

മാന്നാർ 22 കെ.വി സബ്സ്റ്റേഷന്റെ നിർമ്മണം

89 (929) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്നാർ 33കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച് എന്തെല്ലാം നടപടി പൂർത്തിയായി എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം മാന്നാർ അലിന്റ് സ്വിച്ച്ഗിയർ ഫാക്ടറിയിൽ നിന്നും ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായി എന്ന് വ്യക്തമാക്കാമോ ;

(സി) മാന്നാർ സബ്സ്റ്റേഷൻ എന്നത്തേയ്ക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മാന്നാർ 33 കെ.വി സബ്സ്റ്റേഷനുവേണ്ടി 'അലിൻഡ്' കുണ്ടറ എന്ന സ്ഥാപനത്തിന്റെ ഒരേക്കർ സ്ഥലം ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ബി.ഐ.എഫ് ആർ. സ്ഥലം കൈമാറ്റം ചെയ്യുവാൻ വിസമ്മതിച്ചിരിക്കുകയാണ്.

(സി) സ്ഥലം ലഭ്യമായി കഴിഞ്ഞാൽ ആറുമാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly